"ഭരണഭാഷ- മാതൃഭാഷ"

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (എ) വകുപ്പ്**

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം**

**(ഹാജർ : സുഭാഷ് ടി വി ഐ.എ.എസ്)**

---

പ്രൊസീഡിംഗ്സ് നമ്പർ.എ1/92/2023/ഐ&പി.ആർ. തീയതി, തിരുവനന്തപുരം (05-08-2023)

---

വിഷയം:- ഐ.&പി.ആർ.ഡി - ജീവനക്കാര്യം - ഹൈക്കോടതിയിലും, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലും ഫയൽ ചെയ്യുന്ന സർക്കാർ കക്ഷിയായുള്ള എല്ലാ കേസുകളും ഓൺലൈനായി കൈകാര്യം ചെയ്യുന്ന പോർട്ടലായ സി.സി.ഐ.എസ്-ന്റെ വിജയകരമായ നടത്തിപ്പിനായി വകുപ്പിൽ നിന്നും നോഡൽ ഓഫീസറെ നിയമിച്ച് - ഉത്തരവാകുന്നു.

സൂചന: - 16/07/2023-ലെ Comp-Cell/6/2019/-GAD പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) നമ്പർ കത്ത്.

<u>ഉത്തരവ്</u>

സൂചന പ്രകാരം ഹൈക്കോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലും ഫയൽ ചെയ്യുന്ന സർക്കാർ കക്ഷിയായുള്ള എല്ലാ കേസുകളും ഓൺലൈനായി കൈകാര്യചെയ്യുന്ന പോർട്ടലായ സി.സി.ഐ.എസ്-ന്റെ വിജയകരമായ നടത്തിപ്പിനും സുഗമമായ പ്രവർത്തനത്തിനും ഇ ഓഫീസ് ഫയലിംഗ് സിസ്റ്റം ഉപയോഗിക്കുന്ന എല്ലാ വകുപ്പുകളിലും കളക്ടറേറ്റുകളിലും കോർട്ട് കേസ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കേണ്ടതുണ്ടെന്നും, കോർട്ട് കേസ് ഇൻഫർമേഷൻ സിസ്റ്റവുമായി ബന്ധപ്പെട്ട് ഫലപ്രദമായ ഏകോപനത്തിനും സമയബന്ധിതമായ പരിഹാരത്തിനും ഓരോ ഓഫീസിലും ഒരു നോഡൽ ഓഫീസർ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണെന്നും നിഷ്കർഷിച്ചിരിക്കുന്നു.

വകുപ്പ് ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നോഡൽ ഓഫീസറായി വകുപ്പിന്റെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. ശ്യാം വി-യെ നിയോഗിച്ചു കൊണ്ട് ഉത്തരവാകുന്നു.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

ശ്രീ. ശ്യാം വി., ഡെപ്യൂട്ടി സെക്രട്ടറി
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടറുടെ/അഡീ. ഡയറക്ടറുടെ (Genl. & Admn.)/-സി.എ.യ്ക്ക്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Aswathi. S. Poonkavanam
Date: 07-08-2023 11:48:11